പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - * 175

04.11.2019 ൽ
മറുപടി നൽകേണ്ടത്

## പി.എസ്.സിയെ ശാക്തീകരിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.ഐ.ബി. സതീഷ് | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സിക്ക് ആവശ്യത്തിന് ഫണ്ട് അനുവദിക്കാതെ പ്രവർത്തനം മന്ദീഭവിപ്പിച്ച ചിലർ വ്യാജാരോപണങ്ങൾ ആവർത്തിച്ച് ഉദ്യോഗാർത്ഥികൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിച്ച് പ്രസ്തുത സ്ഥാപനത്തെ ദുർബലപ്പെടുത്താൻ നടത്തുന്ന ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) യു.പി.എസ്.സി. സിവിൽ സർവ്വീസ് പരീക്ഷയിൽ പോലും ഇന്റർവ്യൂവിന് നൽകാവുന്ന മാർക്കിന് പരിധി നിശ്ചയിച്ചിട്ടില്ലെന്നിരിക്കെ കേരള പി.എസ്.സി. ക്കെതിരെ ഇല്ലാക്കഥ പ്രചരിപ്പിച്ച് ഉദ്യോഗാർത്ഥികളിൽ അങ്കലാപ്പ് സൃഷ്ടിക്കാൻ ശ്രമിക്കുന്ന നീക്കം ജനമധ്യത്തിൽ തുറന്നു കാട്ടാൻ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും<br>മുൻ സർക്കാരിന്റെ കാലത്ത് (2011-2012 മുതല് 2015-2016 വരെ) പി.എസ്.സി യ്ക്ക് ആകെ 563,26,58,000 രൂപയുടെ ഫണ്ട് അനുവദിച്ചപ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ (2016-2017 മുതൽ 2019-2020 വരെ) ആകെ 774,57,00,000 രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കേരള പി.എസ്.സി ഏറ്റവും സുതാര്യമായി തന്നെയാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ വസ്തുതാവിരുദ്ധമായ ആരോപണങ്ങൾ ചിലർ ഉന്നയിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽ വരുമ്പോൾ പി.എസ്.സി തന്നെ വ്യക്തമായ വിശദീകരണം നൽകി സംശയ ദൂരീകരണം നടത്താറുണ്ട്. |
| സി) പി.എസ്.സിയുടെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കുന്നതിനായി മാതൃഭാഷയിൽ കൂടി ചോദ്യങ്ങൾ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ യെന്ന് അറിയിക്കുമോ? | സി) നിലവിൽ 10-ാം ക്ലാസ് വരെ അടിസ്ഥാനവിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകൾക്ക് മലയാളം മാധ്യമത്തിൽ തന്നെയാണ് പരീക്ഷകൾ നടത്തി വരുന്നത്. കൂടാതെ ഹയർ സെക്കന്ററി |

( മറുപുറം)

തലം വരെ അടിസ്ഥന വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക യോഗ്യതകൾ ആവശ്യമില്ലാത്തതുമായ തസ്തികകളുടെ പരീക്ഷകൾകൂടി മലയാളത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി തലത്തിന് മുകളിൽ വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക യോഗ്യതകളും ആവശ്യമായ തസ്തികകളിൽ ചോദ്യങ്ങൾ മാതൃഭാഷയിൽ തയ്യാറാക്കുന്നതിന് നിലവിൽ മൊഴിമാറ്റം നടത്തുന്നത് സംബന്ധിച്ച് സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കി മലയാളം പദാവലി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സാങ്കേതിക പദങ്ങൾക്ക് തുല്യമായ മലയാള പദങ്ങൾ കണ്ടെത്തുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച് സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് എല്ലാ പരീക്ഷകൾക്കും മലയാളത്തിൽ കൂടി ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷ നടത്തുവാൻ കഴിയുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ